(എഫ്) ഈ പദ്ധതിപ്രകാരം അപേക്ഷിച്ചവരിൽ അർഹരായ എല്ലാ സ്വാതന്ത്ര്യസമര സേനാനികൾക്കും ഭവനനിർമ്മാണ സഹായമായി നല്കേണ്ട തുക സമയബന്ധിതമായി അനുവദിക്കുന്നതിന് സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ,ബി,സി,ഡി,ഇ&എഫ്) ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ 14-9-1998-വരെ അവസാനതീയതി വച്ച് അപേക്ഷ ക്ഷണിച്ചെങ്കിലും അപേക്ഷകൾ വിശദമായി പരിശോധിച്ചതിൽ അർഹരായ അപേക്ഷകർ കുറവായി കണ്ടതിനാൽ കൂടുതൽ വിപുലമായ തെരഞ്ഞെടുപ്പിനുവേണ്ടി വീണ്ടും അപേക്ഷ ക്ഷണിച്ചു. ആകെ കിട്ടിയ അപേക്ഷകൾ പരിശോധിച്ച് അന്തിമ തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യം ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

ജില്ല	എണ്ണം
തിരുവനന്തപുരം	18
കൊല്ലം	7
ആലപ്പുഴ	17
പത്തനംതിട്ട	1
ഇടുക്കി	5
കോട്ടയം	3
എറണാകുളം	4
തൃശ്ശൂർ	6
പാലക്കാട്	7
മലപ്പുറം	4
വയനാട്	1
കോഴിക്കോട്	9
കണ്ണൂർ	9
കാസർകോട്	2
ആകെ	95

സർക്കാർ ജീവനക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി പദ്ധതികൾ

78 (1328) ശ്രീ. എം. ഹസൻ :
ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എൻ. ആർ. ബാലൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സർക്കാർ ജീവനക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) സർക്കാർ ജീവനക്കാരെ ഉദ്ദേശിച്ച് സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഫ്ളാറ്റുകൾ നിർമ്മിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇവയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലിരിക്കുന്നു ;

(ഇ) ഇവയുടെ പണി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ;

(എഫ്) ഇടുക്കി, വയനാട് എന്നീ ജില്ല ആസ്ഥാനങ്ങളിൽ ബാച്ചിലേഴ്സ് ഹോസ്റ്റലുകൾ നിർമ്മിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ജി) ഫ്ളാറ്റുകൾ നിർമ്മിക്കുന്ന കാര്യത്തിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനും സമയബന്ധിതമായി പണി പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സർക്കാർ ജീവനക്കാർക്ക് പാർപ്പിടങ്ങൾ നല്കുന്നതിന് ഹൗസിംഗ് ബോർഡിന് ഒരു വാടകവീട് പദ്ധതിയുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് വിവിധ തുറകളിലുമുള്ള സർക്കാർ ജീവനക്കാർക്കു വേണ്ടി ഫ്ളാറ്റ്/ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നുണ്ട്.

(സി,ഡി&ജി) എറണാകുളം ജില്ലയിൽ പെരുമ്പാവൂർ വാടകവീട് പദ്ധതിയുടെ പണി കഴിഞ്ഞു. പാലക്കാട് ഫ്ളാറ്റുകളുടെ സ്ട്രക്ചർ തീർന്നു. 31-8-2000-ൽ പണി പൂർത്തിയാകും. പൂജപ്പുര വാടകവീട് പദ്ധതിക്ക് അംഗീകാരം നല്കിയിട്ടുണ്ട്. തിരുവനന്തപുരത്ത് ഡി.എം.ഇ. ജീവനക്കാർക്കുള്ള ഫ്ളാറ്റിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ഗവൺമെന്റ് ട്രെയിനിംഗ് കോളേജ് ജീവനക്കാരുടെ ഫ്ളാറ്റുകളുടെ പണി പൂർത്തിയായി. എറണാകുളത്ത് ഹൈക്കോടതി ജഡ്ജിമാർക്കുള്ള ഫ്ളാറ്റ് നിർമ്മാണം പൂർത്തിയായി. ഫയർഫോഴ്സ് ജീവനക്കാരുടെ ഫ്ളാറ്റിന്റെ പണി 2000 ആഗസ്റ്റിൽ പൂർത്തിയാകും. മലപ്പുറം എൻ.ജി.ഒ. ഫ്ളാറ്റ്, കൽപ്പറ്റ ഓഫീസേഴ്സ് ക്വാർട്ടേഴ്സ് ഫ്ളാറ്റ്, പാലക്കാട് ഗസറ്റഡ് ഓഫീസേഴ്സ് ക്വാർട്ടേഴ്സ് ഇവയുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്. ബഡ്ജറ്റ് വിഹിതം അനുസരിച്ച് എല്ലാ ഫ്ളാറ്റുകളുടെയും നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

(എഫ്) ഇടുക്കി ജില്ലയിൽ ബാച്ചിലേഴ്സ് ഫ്ളാറ്റിന്റെ നിർമ്മാണം 40% പൂർത്തിയായി. വയനാട് ജില്ലയിലെ ബാച്ചിലേഴ്സ് ഹോസ്റ്റലിന്റെ പണി 23-2-2000-ൽ ടെണ്ടർ ചെയ്തിരിക്കുകയാണ്.

പാറ്റൂർ ഭവന നിർമ്മാണ പദ്ധതി

79 (1329) ശ്രീ. ബി. വിജയകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് ബോർഡിന്റെ തിരുവനന്തപുരത്തുള്ള പാറ്റൂർ ഭവനനിർമ്മാണ പദ്ധതിയിൽ എത്ര മാതൃകയിലുള്ള എത്ര ഫ്ളാറ്റുകൾ വീതമാണ് പണിതിട്ടുള്ളത് ; ഈ പദ്ധതി എന്നത്തേക്ക് താമസയോഗ്യമാകും എന്ന് അറിയിക്കുമോ ;

(ബി) ഈ പദ്ധതിയിൽ വിവിധ മാതൃകയിലുള്ള ഫ്ളാറ്റുകൾ ഓരോന്നിനും ഇപ്പോഴത്തെ താല്കാലിക വില എത്ര തുകവീതമാണ് നിശ്ചയിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly